## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4993 — 04.07.2012 ലെ മറുപടിയ്ക്ക്

### സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിലെ പലിശ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സ്വകാര്യ പണമിടപാടുകാരെയും അന്യസംസ്ഥാന ബ്ലേഡ് പലിശ സംഘങ്ങളെയും നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. ഇതിലേയ്ക്ക് 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബില്ലും 2012-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബില്ലും തയ്യാറാക്കി കേരള നിയമസഭയിൽ യഥാക്രമം ബിൽ നമ്പർ 114-ഉം 117-ഉം ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | യാതൊരു മാനദണ്ഡവുമില്ലാതെ പലിശ നിരക്ക് നിർണ്ണയിക്കുന്നതും പിരിയ്ക്കുന്നതും തടയാൻ പ്രത്യേക വകുപ്പുകൾ പ്രസ്തുത നിയമത്തിൻ കീഴിൽ കൊണ്ടുവരുമോ; | (ബി) | ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | കർശനമായി പ്രസ്തുത നിയമം നടപ്പിലാക്കാൻ എൻഫോഴ്സ്മെന്റ് ഏജൻസികൾ രൂപീകരിക്കുമോ; എങ്കിൽ അതിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദീകരിയ്ക്കാമോ? | (സി) | അമിത പലിശ ഈടാക്കുന്ന ഏതൊരാളെയും കുറ്റ സ്ഥാപനത്തിന്മേൽ മൂന്നു വർഷംവരെയാകുന്ന കാലയളവിലേയ്ക്കുള്ള തടവും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കുവാനാണ് ബില്ലിലെ വ്യവസ്ഥ. ഇതിലേയ്ക്കുള്ള പരാതി പോലീസിനും കോടതിയ്ക്കും നൽകാവുന്നതാണ്. നിക്ഷേപകരുടെ താല്പര്യ സംരക്ഷണത്തിന് പ്രത്യേക കോടതി സംവിധാനം ബില്ലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ